(സി) സംസ്ഥാന സർക്കാർ ഏജൻസികളും സഹകരണ ബാങ്കുകളും അനുവദിച്ചിട്ടുള്ള കാർഷിക വായ്പകളിന്മേലുള്ള റവന്യൂ റിക്കവറി നടപടികൾക്ക് 15-2-2015 മുതൽ 30-6-2016 വരെ മൊറട്ടോറിയം അനുവദിച്ചിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം* ചെയ്യുന്നു.)

കൃഷി വകുപ്പിന്റെ പൊതുമേഖലാ സ്ഥാപനങ്ങൾ

24 (*144) ശ്രീ. സാജു പോൾ :
ശ്രീ. എം. എ. ബേബി :
ശ്രീ. ആർ. രാജേഷ് :
ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണ്;

(ബി) റബ്ബർ ഉൾപ്പെടെയുള്ള തോട്ടവിളകളുടെ വിലയിടിവ് ഈ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ എത്രത്തോളം ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) ഈ സ്ഥാപനങ്ങൾ ഇപ്പോൾ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ;

(ഡി) എങ്കിൽ പ്രതിസന്ധി മറികടക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അവ ഈ പ്രതിസന്ധിക്ക് എങ്ങനെ പരിഹാരം ആകുമെന്ന് വിശദമാക്കാമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ, കേരള ലാന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, ഓയിൽ പാം ഇൻഡ്യ ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ പ്രോഡക്ട്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, വാഴക്കുളം അഗ്രോ ആന്റ് ഫ്രൂട്ട്സ് പ്രോസ്സസിംഗ് കമ്പനി ലിമിറ്റഡ്, കേരള സ്റ്റേറ്റ് കോക്കനട്ട് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്,

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കേരള ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം, കേരള കേരകർഷക സഹകരണ ഫെഡറേഷൻ ലിമിറ്റഡ് എന്നിവയൊക്കെ കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളാണ്.

(ബി) റബ്ബർ ഉൾപ്പെടെയുള്ള തോട്ടവിളകളുടെ വിലയിടിവ് സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളെയാണ് പ്രധാനമായും ബാധിച്ചിട്ടുള്ളത്. ഈ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രതീക്ഷിത ലാഭത്തിൽ വിളകളുടെ വിലത്തകർച്ചമൂലം കുറവ് ഉണ്ടായിട്ടുണ്ട്.

(സി&ഡി) ടി സ്ഥാപനങ്ങൾ സാമ്പത്തിക പ്രതിസന്ധിയിലായതായി സർക്കാർ കരുതുന്നില്ല. വിളകളുടെ വൈവിദ്ധ്യവൽക്കരണത്തിലൂടെയും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിപണനത്തിലൂടെയും സാമ്പത്തിക പ്രയാസത്തെ മറികടക്കാനുള്ള നടപടികൾ ടി സ്ഥാപനങ്ങൾ സ്വീകരിച്ചു വരുന്നുണ്ട്.

കെട്ടിടനിർമ്മാണത്തിന് ഓൺലൈൻ പെർമിറ്റ്

25 (*145) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ കെട്ടിടനിർമ്മാണത്തിന് ഓൺലൈൻ പെർമിറ്റ് നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി):

(എ) ഉണ്ട്.

(ബി) കെട്ടിടനിർമ്മാണ അനുമതി നൽകുന്നത് കൂടുതൽ കൃത്യവും സുഗമവും കാര്യക്ഷമവും സുതാര്യവുമായി നടപ്പിലാക്കുക എന്നതാണ് ഓൺലൈൻ പെർമിറ്റ് സംവിധാനം കൊണ്ട് സർക്കാർ ഉദ്ദേശിക്കുന്നത്. കെട്ടിട നിർമ്മാണാനുമതിക്കായി

LIBRARY ARCHIVES Kerala Legislative Assembly